KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.keralaaids.com

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: sacs_kerala@nacoindia.org

# റെഡ് റിബൺ എക്സ്പ്രസിലേക്ക് വൻജനപ്രവാഹം

തൃശൂർ: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധമന്ത്രവുമായി എത്തിയ റെഡ് റിബൺ എക്സ്പ്രസ് പ്രചാരണ പരിപാടി വർധിച്ച ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാകുന്നു. കേരളത്തിലെ അഞ്ചാം കേന്ദ്രമായ തൃശൂരിലെ പ്രദർശനത്തിന്റെ ആദ്യദിനം ട്രെയിനിലേക്ക് വൻ ജനപ്രവാഹമായിരുന്നു.

ആദ്യദിവസം 2000 പേരാണ് പ്രദർശനം കാണാനെത്തിയത്. 150 പേർ പരിശീലനം നേടി. 73 പേർ കൗൺസലിംഗ് സൗകര്യം പ്രയോജനപ്പെടുത്തി. 82 പേർ എച്ച്ഐവി പരിശോധനയ്ക്കു സ്വമേധയാ തയാറായി മുന്നോട്ടു വന്നു.

രണ്ടാം ദിവസവും റെഡ് റിബൺ എക്സ്പ്രസിലെ പ്രദർശനം കാണുന്നതിനായി തൃശൂർ റെയിൽവേ സ്റ്റേഷനിൽ മുഴുവൻ സമയവും സന്ദർശകരുടെ നീണ്ട നിര ദൃശ്യമായിരുന്നു. ട്രെയിനിലെ പ്രദർശനത്തിനൊപ്പം പ്ലാറ്റ്ഫോമിൽ വിവിധ സന്നദ്ധസംഘടനകളുടെ ആഭിമുഖ്യത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചുകൊണ്ടിരുന്നു. എച്ച്ഐവി, എയ്ഡ്സ് സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികൾ കാണാനും നൂറുകണക്കിനാളുകൾ എത്തുന്നുണ്ടായിരുന്നു. ഉൾനാടൻ ഗ്രാമങ്ങളിലേക്കു തിരിച്ച രണ്ടു ലൈഫ് ബസുകൾക്കും ഗ്രാമങ്ങളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. ആദ്യദിനം ലൈഫ് ബസ് എത്തിച്ചേർന്ന ആറു കേന്ദ്രങ്ങളിലും ഏറെപ്പേർ കാത്തുനിന്നിരുന്നു.

തൃശൂരിലെ സന്ദർശനം പൂർത്തിയാക്കിയ ശേഷം റെഡ് റിബൺ എക്സ്പ്രസ് മാർച്ച് അഞ്ചിന് ആലുവയിൽ എത്തും. അവിടെയും പ്രദർശനവുമായി ട്രെയിൻ രണ്ടു ദിവസമുണ്ടാകും. തുടർന്ന് എറണാകുളം സൗത്ത്, കായംകുളം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലും ട്രെയിൻ സന്ദർശനം നടത്തും. മാർച്ച് 12 ന് കരുനാഗപ്പള്ളിയിൽ കേരളത്തിലെ പര്യടനം പൂർത്തിയാക്കും.

എച്ച്ഐവി പ്രതിരോധത്തെക്കുറിച്ചും വിവിധ സേവനങ്ങളെക്കുറിച്ചും അവബോധം വളർത്തുക, എച്ച്ഐവി അണുബാധിതരോടുള്ള വിവേചനവും സാമൂഹ്യനിന്ദയും ഇല്ലാതാക്കുക, എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ പ്രതിരോധമാർഗങ്ങളെക്കുറിച്ചുള്ള ധാരണ സൃഷ്ടിക്കുക, ഗുണകരമായ ജീവിതശൈലിയും ആരോഗ്യകരമായ ശീലങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് റെഡ് റിബൺ എക്സ്പ്രസ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ലോക എയ്ഡ്സ് ദിനമായ 2009 ഡിസംബർ ഒന്നിന് ഡൽഹിയിൽ നിന്നാണ് ട്രെയിൻ യാത്രയാരംഭിച്ചത്.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)